# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എ.എൽ.പി-പി.11/253/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 24/02/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എ.എൽ.പി-പി.11/253/2022 തീയ്യതി: 24/02/2022

## ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-06-2021 മുതൽ 31-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 12-01-2022 | 21-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-01-2022 | 21-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.എസ്.എൽസമ്മ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.),
ശ്രീ.റോയി. അസി.ഓഡിറ്റ് ഓഫീസർ,
ശ്രീമതി.ജാകിലിൻ.പി.ഡബ്ല്യൂ.സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീമതി.പ്രീത.ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.എം.ജി.രാജു | പ്രസിഡന്റ് | 01-04-2020 | 30-11-2020 |
| ശ്രീമതി.ഗീത കാർത്തികേയൻ | പ്രസിഡന്റ് | 01-12-2020 | 31-03-2021 |
| ശ്രീ.എസ്.അനിൽകുമാർ | സെക്രട്ടറി | 01-04-2020 | 16-06-2020 |
| ശ്രീമതി.കെ.ജി.ശ്രീദേവി | സെക്രട്ടറി | 17-06-2020 | 03-02-2021 |
| ശ്രീ.എസ്.ഗോപാലകൃഷ്ണൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-02-2021 | 08-02-2021 |
| ശ്രീ.പി.ഗീതാകുമാരി | സെക്രട്ടറി | 09-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജാനിഷ് റോസ് ജേക്കബ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ബാലരാജ് | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി ശാലിമോൾ എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ശ്രീലത എസ് | ഹെഡ്മിസ്ട്രസ് ജി എൽ പി എസ് | 01-04-2020 | 31-03-2021 |
| രശ്മി മാനുവൽ | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| എസ് ഗോപാലകൃഷ്ണൺ | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ.ലിന്റാ സാമുവൽ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2020 | 09-02-2021 |
| ഡോ.മെല്സാ ജോസ് | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 10-02-2021 | 31-03-2021 |
| ശ്രീമതി.ഡോ.സജിലാ എസ് പിള്ള | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2020 | 31-03-2021 |
| ശ്രീമതി.ബിന്ദു.റ്റി.എം. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 01-03-2021 |
| ശ്രീമതി.ലീന.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-03-2021 | 31-03-2021 |
| ശ്രീ രരഞ്ജിത്ത് കെ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ കഞ്ഞിക്കുഴി ) | 01-04-2020 | 04-11-2020 |
| ശ്രീ .ഹാഷിഫ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (കഞ്ഞിക്കുഴി) | 05-11-2020 | 11-01-2021 |
| ശ്രീ .സന്ദീപ് വി .റ്റി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ ( കഞ്ഞിക്കുഴി) | 12-01-2021 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ അജീഷ്കുമാർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (മായിത്തറ) | 01-04-2020 | 11-09-2020 |
| ശ്രീമതി സവിത സി എം | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ ( മായിത്തറ) | 11-09-2020 | 05-01-2021 |
| ശ്രീമതി.ഹാഷ്മി രാജ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ ( മായിത്തറ) | 06-01-2021 | 31-03-2021 |
| ഡോ.ജയശ്രീ. എസ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Elsamma (Audit Officer, On 19-01-2022)<br>Last Updated By: Rajeev R (Deputy Director, On 23-02-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Elsamma (Audit Officer, On 19-01-2022)<br>Last Updated By: Rajeev R (Deputy Director, On 23-02-2022) | 1-2 |
| 3 | വാർഷിക കണക്ക് പരിശോധന – അപാകതകൾ<br>Written By: T.M Roy (Senior Grade Auditor, On 21-01-2022)<br>Last Updated By: Rajeev R (Deputy Director, On 23-02-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Elsamma (Audit Officer, On 19-01-2022)<br>Last Updated By: Rajeev R (Deputy Director, On 23-02-2022) | 1 -3 |
| 5 | ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)<br>Written By: Elsamma (Audit Officer, On 19-01-2022)<br>Last Updated By: Rajeev R (Deputy Director, On 23-02-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Elsamma (Audit Officer, On 19-01-2022)<br>Last Updated By: Rajeev R (Deputy Director, On 23-02-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Elsamma (Audit Officer, On 19-01-2022)<br>Last Updated By: Elsamma (Audit Officer, On 19-01-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Elsamma (Audit Officer, On 19-01-2022)<br>Last Updated By: Rajeev R (Deputy Director, On 23-02-2022) | 1-7 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Elsamma (Audit Officer, On 21-01-2022)<br>Last Updated By: Rajeev R (Deputy Director, On 23-02-2022) | 1-8 |
| 10 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Elsamma (Audit Officer, On 21-01-2022)<br>Last Updated By: Rajeev R (Deputy Director, On 23-02-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Elsamma (Audit Officer, On 19-01-2022)<br>Last Updated By: Rajeev R (Deputy Director, On 23-02-2022) | 1-10 |
| 12 | പ്രഫഷണൽസിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതിൽ കുറവ്<br>Written By: Preetha (Auditor, On 21-01-2022)<br>Last Updated By: Rajeev R (Deputy Director, On 23-02-2022) | 1-11 |
| 13 | ക്ഷീരസംഘങ്ങൾ ലൈസൻസ് എടുത്തിട്ടില്ല<br>Written By: Preetha (Auditor, On 21-01-2022)<br>Last Updated By: Rajeev R (Deputy Director, On 23-02-2022) | 1-12 |
| 14 | ഇ-ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്ത് അക്കൌണ്ടിൽ ഒടുക്കിയിട്ടില്ല<br>Written By: Jaquiline P.W (Senior Grade Auditor, On 21-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-13 |
| 15 | മൊബൈൽ ടവർ വസ്തുനികുതി -കുടിശ്ശിക ഈടാക്കണം<br>Written By: Preetha (Auditor, On 21-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-14 |
| 16 | വാടക കരാർ ചമച്ചിട്ടില്ല<br>Written By: Preetha (Auditor, On 21-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-15 |
| 17 | സാമൂഹ്യസുരക്ഷാപെൻഷൻ - മറ്റ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ വെച്ച് മരണപ്പെടുന്നവരുടെ പെൻഷൻഅക്കൌണ്ട് സസ്പെന്റ് ചെയ്യപ്പെടുന്നില്ല | 1-16 |

| | | |
|---|---|---|
| | Written By: Jaquiline P.W (Senior Grade Auditor, On 21-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | |
| 18 | കൈപ്പറ്റുരേഖകൾ ഹാജരാക്കിയില്ല<br>Written By: Elsamma (Audit Officer, On 21-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-17 |
| 19 | ഫെസ്റ്റിവൽ അഡ്വാൻസ് പൂർണ്ണമായും തിരികെ ഒടുക്കിയില്ല<br>Written By: Jaquiline P.W (Senior Grade Auditor, On 21-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-18 |
| 20 | ജി.എസ്.ടി.ഈടാക്കിയത്<br>Written By: Elsamma (Audit Officer, On 21-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-19 |
| 21 | ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭിച്ച ഗ്രാന്റിൽ 23 ലക്ഷം രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു.<br>Written By: T.M Roy (Senior Grade Auditor, On 21-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-20 |
| 22 | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് - അർഹമായ നിരക്കിൽ അനുവദിക്കുന്നതിന് മതിയായ തുക വകയിരുത്തിയില്ല<br>Written By: Elsamma (Audit Officer, On 21-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-21 |
| 23 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)നടപ്പിലാക്കിയ പദ്ധതികൾ- 52615/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Preetha (Auditor, On 21-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-22 |
| 24 | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ -- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: T.M Roy (Senior Grade Auditor, On 21-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-23 |
| 25 | ദേശീയ റർബൻ മിഷൻ പദ്ധതി -- പ്രോജക്ട് സമയബന്ധിതമായി നടപ്പാക്കപ്പെടുന്നില്ല<br>Written By: T.M Roy (Senior Grade Auditor, On 21-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-24 |
| 26 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി -- നിർമ്മാണം പൂർത്തിയാക്കിയില്ല<br>Written By: T.M Roy (Senior Grade Auditor, On 21-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-25 |
| 27 | വികസന പത്രിക പ്രസിദ്ധീകരിക്കൽ -- വിതരണ രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: T.M Roy (Senior Grade Auditor, On 21-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-26 |
| 28 | ബാരൽ വില നിശ്ചിത ശീർഷകത്തിലേക്ക് തിരിച്ചടച്ചില്ല<br>Written By: Jaquiline P.W (Senior Grade Auditor, On 21-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-27 |
| 29 | എം ജി എൻ ആർ ഇ ജി എസ് അപാകതകൾ<br>Written By: Jaquiline P.W (Senior Grade Auditor, On 21-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-28 |
| 30 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ<br>Written By: Elsamma (Audit Officer, On 21-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 1-29 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

| ഭാഗം **4** | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Elsamma (Audit Officer, On 21-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Elsamma (Audit Officer, On 21-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Elsamma (Audit Officer, On 21-01-2022)<br>Last Updated By: Elsamma (Audit Officer, On 21-01-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Elsamma (Audit Officer, On 21-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Elsamma (Audit Officer, On 21-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Elsamma (Audit Officer, On 21-01-2022)<br>Last Updated By: Elsamma (Audit Officer, On 21-01-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡിക<br>Written By: Elsamma (Audit Officer, On 21-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 4-7 |
| 8 | ചാർജ് / സർചാർജ് നടപടികളുടെ വിവരം<br>Written By: Elsamma (Audit Officer, On 21-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Elsamma (Audit Officer, On 21-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Elsamma (Audit Officer, On 21-01-2022)<br>Last Updated By: Rajeev R (Deputy Director, On 24-02-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

19/03/2020 തീയതിയിലെ 1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബഡ്ജറ്റ് പ്രകാരം | 357050533 | 347938996 |
| വാർഷിക കണക്ക് പ്രകാരം | 11,00,81,946.85 | 9,18,49,411 |

12/02/2021 തിയതിയിലെ പുതുക്കിയ/ പരിഷ്കരിച്ച ബഡ്ജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| വരവ് | ചെലവ് |
|---|---|
| 359310373 | 353555567 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തീയതി |
|---|---|
| 31/07/2021 | 14/05/2021 |

### 1-2-1 വാർഷിക കണക്ക് പരിശോധന – അപാകതകൾ

കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1) വികസന ഫണ്ട് എസ്.സി.പി-യിൽ നിന്നും ഹഡ്കോ വായ്പ്പാ തിരിച്ചടവിനായി ഉറവിടത്തിൽ കുറവ് ചെയ്ത 109784/- രൂപയ്ക്ക് പ്രോജക്ട് തയ്യാറാക്കാതിരുന്നതിനാൽ ടി തുക സുലേഖയിൽ ചെലവായി ഉൾപ്പെട്ടിട്ടില്ല.

2) വാർഷിക കണക്ക് പ്രകാരം ശുചിത്വ മിഷൻ അക്കൗണ്ടിലെ വർഷാവസാന നീക്കിയിരുപ്പ് 25,09,358/- രൂപയാണ്. എന്നാൽ കാനറാ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പ് 33,81,315/- രൂപയാണ്.

3) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് സെല്ലിലെ ജീവനക്കാർക്ക് വേതനം നൽകുന്നതിനായി മുൻകൂറായി നൽകിയ തുകയുടെ വിശദാംശം ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18-ൽ താഴെപറയും പ്രകാരം രണ്ട് ഹെഡ് കോഡുകളിലായി ഉൾപ്പെടുത്തിയിരിക്കുന്നു.

| ഹെഡ് കോഡ് | ഇനം | തുക |
|---|---|---|
| 460100103 | Temp Adv For Official Purpose | 13,33,931 |
| 460509901 | Advance To Others | (8,29,241 ) |

അഡ്വാൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളിൽ വ്യക്തത ഇല്ലാത്തതിനാൽ ടി തുക ഏതൊക്കെ വർഷങ്ങളിൽ നൽകിയതാണെന്ന് വ്യക്തമല്ല. Advance To Others എന്ന ശീർഷകത്തിൽ -8,29,241 രൂപയാണ് രേഖപ്പെടുത്തിയിരുക്കുന്നത്.

4) വെബ് സാംഖ്യയിൽ കൃത്യമായ വരവ് ചെലവ് കണക്ക് രേഖപ്പെടുത്താതിരുന്നതിനാൽ ദേശീയ റർബൻ ഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ കൃത്യമായ ചെലവ് വിവരം സുലേഖയിലും വാർഷിക കണക്കിലും ഉൾപ്പെട്ടിട്ടില്ല.

5) വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ജയ സോഫ്റ്റ്‌വെയറിൽ

നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. സഞ്ജയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റിൽ Book Adjustments എന്ന ശീർഷകത്തിൽ റെസിഡൻഷ്യൽ, നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിൽ തൻവർഷത്തെ വരവായി ഉൾപ്പെടുത്തിയ തുക ഏതൊക്കെ കെട്ടിടങ്ങളുടെ വസ്തു നികുതിയാണെന്നത് സംബന്ധിച്ച വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

6) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായില്ല.

## 1 -3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 33092360.85 |
| വരവ് | 76989586 |
| ആകെ | 110,081,946.85 |
| ചെലവ് | 91849411 |
| നീക്കിയിരിപ്പ് | 18232535.85 |

## 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ)* | 0 | 11768728 | 11768728 | 10611451.00 | 1157277.00 |
| വികസന ഫണ്ട് (എസ്.സി.പി)* | 0 | 3678432 | 3678432 | 2297163.00 | 1381269.00 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 332000 | 332000 | 175999.00 | 156001.00 |
| മെയിന്റനൻസ് ഫണ്ട് -റോഡ് | 0 | 8582000 | 8582000 | 8582000 | 0 |
| മെയിന്റനൻസ് ഫണ്ട് - നോൺ റോഡ് | 0 | 5020699 | 5020699 | 4094179.00 | 926520.00 |
| ധനകാര്യ കമ്മീഷൻ-Tied ഗ്രാന്റ് | 0 | 6920000 | 6920000 | 1536480.00 | 5383520.00 |

| | | | | | |
|---|---|---|---|---|---|
| ധനകാര്യ -കമ്മീഷൻ ഗ്രാന്റ് Untied | 0 | 13675752 | 13675752 | 8770130.00 | 4905622.00 |

* വികസന ഫണ്ട് (ജനറൽ) സോഴ്സ് ഡിഡക്ഷനായി 6009647/-രൂപയും വികസന ഫണ്ട് (എസ്.സി.പി) സോഴ്സ് ഡിഡക്ഷനായി 109784/- രൂപയും ഉൾപ്പെടുന്നു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കുന്നതിൻറെ വിവരം താഴെചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 220 | 172541030 | 127 | 57544949 | 66 | 27 | 72 |

പൂർത്തിയാകാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1. തെരുവ് വിളക്ക് വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ
2. വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരം അടവാക്കൽ
3. അങ്കണവാടി ജീവനക്കാർക്ക് അധിക വേതനം നല്കൽ
4. പാലിന് സബ്സിഡി
5. പൊന്നാംതോട്ട നവീകരണം
6. കിടാരിവിതരണം ജനറൽ (വനിത)
7. മുപ്പിരി തോട്ട നവീകരണം
8. ചാലുങ്കൽ തിരുവിഴ തോട് നവീകരണം
9. അണ്ടിശ്ശേരി തോട് നവീകരണം
10. പാവട്ടശ്ശേരി കാക്കനാട് തോട് നവീകരണം
11. വാതറ ചെറിയ തോട് നവീകരണം
12. ചിറക്കാട്ട് ചിറ മുകാരം തോട് നവീകരണം
13. നമ്പിടുപറമ്പ് നെടുംചിറ തോട് നവീകരണം
14. അംഗൻവാടി നമ്പർ 33 അറ്റകുറ്റപ്പണി വാർഡ് 14
15. അംഗൻവാടി നമ്പർ 35 അറ്റകുറ്റപ്പണി വാർഡ് 12
16. അംഗൻവാടി നമ്പർ 26 അറ്റകുറ്റപ്പണി വാർഡ് 13
17. അംഗൻവാടി നമ്പർ 40 അറ്റകുറ്റപ്പണി വാർഡ് 17
18. അംഗൻവാടി നമ്പർ 29 അറ്റകുറ്റപ്പണി വാർഡ് 10
19. അംഗൻവാടി നമ്പർ 45 അറ്റകുറ്റപ്പണി വാർഡ് 5
20. അംഗൻവാടി നമ്പർ 28 കെട്ടിട അറ്റകുറ്റപ്പണി വാർഡ് 13
21. ജില്ല ജീവൻ മിഷൻ പദ്ധതി
22. ഗാർഹിക തല കക്കൂസ് നിർമ്മാണം
23. കളത്തിവീട് കലാസാഗർ റോഡ് മെറ്റലിങ് & ടാറിങ് വാർഡ് 16
24. സുബാഷ് അരുന്നവേലി റോഡ് കാന നിർമാണം
25. തകിടിയിൽ ദ്വാരക റോഡ് മെറ്റലിംഗ് &; ടാറിംഗ് വാർഡ് 17
26. അയ്യപ്പഞ്ചേരി -പുത്തനമ്പലം റോഡ് കാണ നിർമ്മാണം പൂർത്തീകരണം വാർഡ് 3

27. പുത്തൻ വെളി -വടക്കേ തയ്യിൽ റോഡ് പുനരുദ്ധാരണം വാർഡ് 01

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 513411 | 2230110 | 2743521 | 2743521 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 104318968 | 104318968 | 104318968 | 0 |
| ആകെ | 513411 | 106549078 | 107062489 | 107062489 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| പേര് | ചെലവ് | എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 3,13,680.00 | 446 |
| കർഷകതൊഴിലാളി പെൻഷൻ | 5,059,700.00 | 376 |
| വിധവ പെൻഷൻ | 13,607,900.00 | 1001 |
| വാർദ്ധക്യ കാല പെൻഷൻ | 32,323,100.00 | 2985 |
| വികലാംഗ പെൻഷൻ | 6,894,500.00 | 467 |
| അവിവാഹിത പെൻഷൻ | 12,15,800.00 | 87 |

## 1-8 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി നിർവ്വഹണത്തിന്റെ ഫലപ്രാപ്തിയിൻമേൽ വിലയിരുത്തൽ നടത്തുന്നതായി രേഖയില്ല. മിക്ക പദ്ധതി നിർവ്വഹണ ഫയലുകൾക്കൊപ്പവും മോണിട്ടറിംഗ് റിപ്പോർട്ട് സൂക്ഷിക്കുന്നില്ല, ഉള്ളവ അപൂർണ്ണമാണ്.
2. പഞ്ചായത്തുകമ്മിറ്റി തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്ക പ്പെടുന്നതായി മിനിട്സിൽ രേഖയില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിക്കുന്നില്ല.
3. പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്.
4. റോഡ് രജിസ്റ്ററും, റോഡ് കണക്ടിവിറ്റി മാപ്പും പരിപാലിച്ചിട്ടില്ല.
5. ഓഡിറ്റ് വർഷം പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ മാന്വലായി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
6. ഫയലുകളിൽ പൊതുവെ നോട്ട് ഫയൽ സൂക്ഷിക്കുന്നില്ല.
7. സ്റ്റോക്ക് രജിസ്റ്ററുകൾ മുൻവർഷ നീക്കിയിരുപ്പുകൾ ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.
8. 1994 - ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം വിളിച്ചു ചേർക്കേണ്ടതാണ്. എന്നാൽ 2020-21 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ

18 വാർഡുകളിലും ഫെബ്രുവരി 20 മാസത്തിൽ ഒരു പ്രാവശ്യം മാത്രമാണ് ക്വാറം തികയാതെ ഗ്രാമസഭ ചേർന്നിട്ടുള്ളത്. ഗ്രാമസഭ കൃത്യമായ ഇടവേളകളിൽ കൂടേണ്ടതും ജനപങ്കാളിത്തം ഉറപ്പുവരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നതിലേക്ക് വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന, 13.01.2022-ന് നടത്തുകയുണ്ടായി. പരിശോധനയിൽ 56,635/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് | 20/11/2021 | 10/2021 | .... |
| എ.ജി | 5/9/2016 - 23/9/16 | 2015-16 | 10/11/2016 |

## 1-11 പ്രഫഷണൽസിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതിൽ കുറവ്

പ്രഫഷണൽസിൽ നിന്നും ഒരു സാമ്പത്തിക വർഷം 2500/- രൂപ തൊഴിൽ നികുതിയായി ഈടാക്കേണ്ടതാണെങ്കിലും താഴെപ്പറയുന്ന അപേക്ഷകരിൽ നിന്നും തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കാത്തതായി കാണുന്നു.

| ക്രമ നമ്പർ | വാർഡ് /കെട്ടിട നമ്പർ | അപേക്ഷകൻ | ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| 1 | 14/755/756 | ഡോ.ശരത് റ്റി പി<br>തോപ്പിൽ ഹൗസ്<br>എസ് എൽ പുരം.<br>ഡെന്റൽ ക്ലിനിക്ക് | 1500 | 1000 |
| 2 | 5/531 | അനു. എസ്<br>കുന്നേൽ,വാരണം പി ഒ<br>ഡെന്റൽ ക്ളിനിക്ക് | 900 | 1600 |
| 3 | 3/513 | ഡോ.ആഷാ കെ സോമൻ<br>ജയ് വിജയ് നിവാസ്<br>ഹോമിയോ ക്ലിനിക്ക് | 900 | 1600 |
| 4 | 1/180 | റീബ ആർ<br>സജീവ് ഭവൻ<br>മായിത്തറ പി.ഒ<br>ഹോമിയോ ക്ലിനിക്ക് | 900 | 1600 |
| 5 | 7/67 | ഡോ.അരുന്ധതി. റ്റി.വി<br>തൈവെളി<br>എസ്.എൻ.പുരം പി. ഒ<br>ആയുർവ്വേദ ക്ലിനിക്ക് | 1500 | 1000 |
| | | | | 6800 |

കൂടാതെ പഞ്ചായത്തിലെ വിവിധതരം പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (24/21.1.22)ന് കുറവ് തൊഴിൽ നികുതി ഈടാക്കിയത് അടിയന്തിരമായി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കുറവ് തൊഴിൽ നികുതി പലിശസഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 ക്ഷീരസംഘങ്ങൾ ലൈസൻസ് എടുത്തിട്ടില്ല

1994 ലെ പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) നിയമം, വകുപ്പ് 232 പ്രകാരം പഞ്ചായത്തിന്റെ ലൈസൻസ് കൂടാതെ ഒരു ആവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. പഞ്ചായത്തിലെ ലൈസൻസ് സംബന്ധിച്ച ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ 2020-21 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന ക്ഷീരസംഘങ്ങൾ ലൈസൻസ് എടുത്തതായി കാണുന്നില്ല.

1.കഞ്ഞിക്കുഴി ക്ഷീരോൽപാദക സഹകരണ സംഘം A 71 (D)APCOS

2.കളത്തിവീട് ക്ഷീരോൽപാദക സഹകരണ സംഘം

ഈ സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.25/21.1.2022) മറുപടി അറിയിച്ചിട്ടുണ്ട്.

1996 ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ ചട്ടം 232(1) 233( എ) അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ് .

## 1-13 ഇ-ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്ത് അക്കൌണ്ടിൽ ഒടുക്കിയിട്ടില്ല

28/9/13-ലെ ജി.ഒ (എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. 2020-21 സാമ്പത്തിക വർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗ് ഇ-ടെണ്ടർ സംവിധാനത്തിലൂടെയാണ് ഗ്രാമപഞ്ചായത്തിൽ നടപ്പിൽ വരുത്തിയിട്ടുള്ളത്. ടെണ്ടർ ഫീസിനത്തിലെ തുക എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടവാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017-ലെ ഡി.ബി.1/7942/2010/സി.ഇ /ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും (ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ) എഞ്ചിനീയറിംഗ് വകുപ്പ് മേധാവികൾ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖയിൽ ഔദ്യോഗിക മേൽവിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ടി സർക്കുലർ പ്രകാരമുള്ള തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ടെണ്ടർ ഫീ ഇനത്തിൽ തൻവർഷം ലഭിച്ച തുകകളുടെ വിശദാംശങ്ങൾ ആരാഞ്ഞ് 19.01.22-ൽ നൽകിയ 20-ാം നമ്പർ ഓഡിറ്റന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ ഫീസിനത്തിൽ ലഭിച്ച തുക നാളിതുവരെയായിട്ടും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. തുക തനതുഫണ്ടിൽ മുതൽക്കൂട്ടാനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 മൊബൈൽ ടവർ വസ്തുനികുതി -കുടിശ്ശിക ഈടാക്കണം

പഞ്ചായത്ത് പരിധിയിൽ ആകെ 12 മൊബൈൽ ടവറുകൾ ഉള്ളതിൽ 10 എണ്ണത്തിന് കുടിശ്ശികയില്ലാതെ വസ്തുനികുതി ഈടാക്കുന്നു. 2/226A ടവർ വിഷൻ ഇന്ത്യ ലിമിറ്റഡ് 2021-22 വർഷം ഉൾപ്പെടെ 42950/-രൂപ ഈടാക്കാനുണ്ട്.

11/407 ബി.എസ്.എൻ.എൽ ടവറിന് 2021-22 വരെ 153090/-ഈടാക്കാനുണ്ട്. രണ്ടു സ്ഥാപനങ്ങളുടെ പേരിലും

കേസ് ഫയൽ ചെയ്തിട്ടുള്ളതായി ഓഡിറ്റ് അന്വേഷണത്തിന് (8/20-21 തീയതി 18.01.2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നികുതി ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-15 വാടക കരാർ ചമച്ചിട്ടില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികൾ 2020-21 വർഷം വാടകയ്ക്ക് നല്കിയ ചുവടെ ചേർത്തിരിക്കുന്ന വാടകക്കാർ

മുദ്രപത്രത്തിൽ കരാർ ചമച്ചിട്ടില്ല.

| ക്രമ നമ്പർ | വാടകക്കാരന്റെ പേര് |
|---|---|
| 1 | രാധാകൃഷ്ണൻ, പുത്തൻപറമ്പിൽ |
| 2 | തോമസ് എം പി, മാപ്പിളശ്ശേരിൽ |
| 3 | സുനിൽ, നെടുംചിറയിൽ |
| 4 | ഷിബു, ചെളികണ്ടത്തിൽ |
| 5 | സന്തോഷ്, കുന്നംപ്പുറത്ത് |
| 6 | പത്മൻ, കൃഷ്ണ നിവാസ് |

കോവിഡ് സാഹചര്യത്തിൽ ലോക്ക് ഡൗൺ ആയിരുന്നതിനാലും തുടർന്നുള്ള സമയത്ത് മുദ്രപ്പത്രത്തിന്റെ ദൗർലഭ്യം ആയിരുന്നതിനാലും ആണ് ടിയാളുകൾക്ക് യഥാസമയം വാടകക്കരാർ പുതുക്കാൻ കഴിയാതെ പോയത് എന്നാണ് മറുപടി നൽകിയിട്ടുള്ളത് (ഓഡിറ്റ് അന്വേഷണം - 6/20-21). കടമുറികൾ വാടകയ്ക്ക് നൽകുമ്പോൾ കരാർ പുതുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 സാമൂഹ്യസുരക്ഷാപെൻഷൻ - മറ്റ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ വെച്ച് മരണപ്പെടുന്നവരുടെ പെൻഷൻഅക്കൌണ്ട് സസ്പെന്റ് ചെയ്യപ്പെടുന്നില്ല

ഗ്രാമപഞ്ചായത്തിലെ സേവന സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ വെച്ച് മരണപ്പെടുന്നവരുടെ പെൻഷൻ അക്കൗണ്ടുകൾ യഥാസമയം സസ്പെന്റ് ചെയ്യപ്പെടുകയും അനധികൃതമായി പെൻഷൻ വിതരണം തടയാനും സാധിക്കുന്നുണ്ട്. എന്നാൽ മറ്റ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ വെച്ച് മരണപ്പെടുന്നവരുടെ മരണവിവരം അറിയുക ബുദ്ധിമുട്ടുള്ള കാര്യമാണ്. പിന്നീട് മരണവിവരം അറിഞ്ഞ് പെൻഷൻ അക്കൌണ്ട് സസ്പെന്റ് ചെയ്യുമ്പോഴേക്കും നിരവധി മാസങ്ങളിലെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടാകും. ഈ സാഹചര്യത്തിൽ അതേ തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെടുന്നവരും തദ്ദേശസ്വയംഭരണസ്ഥാപനത്തിന് പുറത്ത് മരണപ്പെടുന്നവരും പെൻഷൻ വാങ്ങുന്നവരായിരുന്നു എന്ന് അറിയുക ശ്രമകരമാണ്. ഈ വിഷയം ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/19.01.22)ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് മെമ്പർമാർക്ക് ആക്ടിവ് പെൻഷൻ ലിസ്റ്റ് ഇടവേളകളിൽ നൽകി കൃത്യത ഉറപ്പാക്കുന്നതായിരിക്കും എന്നാണ് അറിയിച്ചത്. ഇത് കൂടാതെ 23.09.2020 ലെ സ.ഉ.(എം.എസ്.) നം. 97/2020 ധനം ഉത്തരവ് ഖണ്ഡിക 12 പ്രതിപാദിക്കുന്ന (മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കൺവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റ ബേസിൽ നിന്നും ഒഴിവാക്കുക) നടപടിക്രമം കൂടി പാലിച്ച് അനധികൃതമായി പെൻഷൻ കൈപ്പറ്റുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള സാഹചര്യം ഒഴിവാക്കേണ്ടതാണ്.

## 1-17 കൈപ്പറ്റുരേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നം. 26/20-21 വൃദ്ധർക്ക് കട്ടിൽ

അടങ്കൽ(വികസനഫണ്ട് )- 469800

ചെലവ്- 469744(260969/-ബിൽ നം.22/20-21/29.3.21.
208775/-ബിൽ നം.23/20-21/29.3.21

ഐ.സി.ഡി.എസ്.ഓഫീസർ നടപ്പിലാക്കിയ ടി പ്രോജക്ട് വഴി 108 വൃദ്ധർക്ക് കട്ടിൽ വിതരണം ചെയ്തിട്ടുണ്ട്. ഫയലിനോടൊപ്പം കട്ടിൽ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമായില്ല. ആയവ ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (നം.23/20-21/19.1.22) മറുപടി ലഭ്യമാക്കാത്തതിനാൽ ആയവ ഹാജരാക്കുന്നതു വരെ ചെലവുതുക തടസ്സപ്പെടുത്തുന്നു.

## 1-18 ഫെസ്റ്റിവൽ അഡ്വാൻസ് പൂർണ്ണമായും തിരികെ ഒടുക്കിയില്ല

2020-21 വർഷത്തെ ഫെസ്റ്റിവൽ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ മുൻ സെക്രട്ടറിയായിരുന്ന ശ്രീമതി ശ്രീദേവി കെ.ജി 15000/- രൂപ അഡ്വാൻസ് കൈപ്പറ്റിയതിൽ (വൌച്ചർ നം. 22000376/27.08.20) 12000 /- രൂപ മാത്രമാണ് തിരികെ ഒടുക്കിയിട്ടുള്ളത്. അവശേഷിക്കുന്ന 3000/- രൂപ തിരികെ ഒടുക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 26/21.01.22) ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ ഒടുക്കിയിട്ടില്ല എന്നാണറിയിച്ചത്. ടിയാളിൽ നിന്നും 3000/- രൂപ തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 ജി.എസ്.ടി.ഈടാക്കിയത്

1) കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017ലെ നോട്ടിഫിക്കേഷൻ നം 12/2017- Central Tax (Rate)ലെ ക്രമ നം. 66 ക്ലോസ് (B)(ii) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അംഗൻവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങൾക്ക് ജി.എസ്.ടി ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ 2020-21 വർഷത്തെ അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്ത വാരനാട് നവജീവൻ ഫുഡ് സപ്ലിമെന്റ് യൂണിറ്റിന്റെ ബില്ല് പരിശോധിച്ചതിൽ, അമൃതം ന്യൂട്രിമിക്സിന്റെ വിലയോടൊപ്പം 5% ജി.എസ്.ടി ചുമത്തിയതായി കാണുന്നു. വിശദവിവരം താഴെകൊടുക്കുന്നു. ജി.എസ്.ടി നൽകിയതിന്റെ കാരണം അറിയിക്കേണ്ടതാണ്.

| ക്രമ നം | ബിൽ നം/തീയതി | ന്യൂട്രിമിക്സിന്റെ വില | ചുമത്തിയ ജി.എസ്.ടി |
|---|---|---|---|
| 1 | 390/27.2.20 | 83580 | 4179 |
| 2 | 391/23.3.20 | 103390 | 5169 |
| 3 | 392/28.4.20 | 114415 | 5720 |
| 4 | 394/22.5.20 | 115640 | 5782 |
| 5 | 398/30.6.20 | 106890 | 5344 |
| 6 | 102/31.7.20 | 123725 | 6186 |
| 7 | 107/26.8.20 | 122500 | 6125 |
| 8 | 111/29.9.20 | 122500 | 6125 |
| 9 | 115/30.10.20 | 105000 | 5250 |

## 1-20 ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭിച്ച ഗ്രാന്റിൽ 23 ലക്ഷം രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു.

വിവിധ വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് ആസൂത്രണം ചെയ്ത് നടപ്പാക്കിയ സംയുക്ത പദ്ധതികൾക്കായി ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭിച്ച ഗ്രാന്റിൽ 23 ലക്ഷം രൂപ ഇപ്പോഴും ചെലവഴിക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്നു. വാർഷിക കണക്ക് ഷെഡ്യൂൾ B-4 പ്രകാരം മുൻവർഷങ്ങളിൽ ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച 10,65,958 രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച 11,32,791 രൂപയുമാണ് ചെലവഴിക്കാതെ അവശേഷിക്കുന്നത്. ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിൽ നിന്നും വകമാറ്റി ഗ്രാമപഞ്ചായത്തിന് കൈമാറിയ ടി തുകകൾ ഏത് സാമ്പത്തിക വർഷത്തെ ഏത് പദ്ധതിയ്ക്കായി ലഭിച്ചതാണെന്നുള്ള കൃത്യമായ കണക്ക് ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-12/18.01.2022) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശം അനുസരിച്ച് നിലവിൽ സംയുക്ത പദ്ധതികൾക്കായി തദ്ദേശ സ്ഥാപനങ്ങൾ നീക്കിവെയ്ക്കുന്ന വിഹിതം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിനാൽ ടി തുക ഇപ്പോഴും നിർജ്ജീവമായി

അക്കൗണ്ടിൽ ശേഷിക്കുകയാണ്. മുൻവർഷങ്ങളിലെ ലഭിച്ചതും ചെലവഴിക്കാതെ അവശേഷിക്കുന്നതുമായ മേൽ തുക സർക്കാരിലേയ്ക്ക് തിരികെ ഒടുക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-21 ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് - അർഹമായ നിരക്കിൽ അനുവദിക്കുന്നതിന് മതിയായ തുക വകയിരുത്തിയില്ല

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 14/21 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് യാത്രാബത്ത അനുവദിക്കൽ | 1303400 (583150- വികസന ഫണ്ട് ജനറൽ, 291575- ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 428675- ജില്ലാ പഞ്ചായത്ത് വിഹിതം,1000000-) | 1166300 ( 583150- വികസന ഫണ്ട് ജനറൽ,291575- ബ്ലോക്ക് പഞ്ചായത്ത് വിഹിതം 291575- ജില്ലാ പഞ്ചായത്ത് വിഹിതം,) |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ 1303400/- രൂപ വകയിരുത്തുകയും 1166300/-രൂപ തൻവർഷം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾക്ക് അർഹമായ മുഴുവൻ തുകയും അനുവദിക്കുവാൻ പര്യാപ്തമായ തുക പ്രോജക്ടിൽ വകയിരുത്തിയിട്ടില്ല എന്നും വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിച്ചിട്ടില്ലായെന്നും പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.) നമ്പർ 22/2018/തസ്വഭവ/14.02.2018 പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകാവുന്ന സ്കോളർഷിപ്പ് തുക താഴെക്കൊടുക്കുന്നു.

| ഇനം | സ്കോളർഷിപ്പ്/ബത്ത പ്രതിവർഷം |
|---|---|
| സ്കോളർഷിപ്പ് | 12000 |
| വസ്ത്രങ്ങൾക്കുള്ള ബത്ത | 1500 |
| പഠനസഹായികൾക്ക്/ വിദ്യാഭ്യാസ സാമഗ്രികൾക്ക് ബത്ത | 2000 |
| ഡേ സ്കോളർക്ക് യാത്രാബത്ത | 12000 |
| ഉല്ലാസ യാത്രാചെലവുകൾ | 1000 |
| ആകെ | 28500/- |

പ്രോജക്ടുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ തൻവർഷം ആനുകൂല്യം നൽകിയിട്ടുള്ള 58 കുട്ടികളിൽ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് അർഹമായതിലും കുറഞ്ഞ തുക മാത്രമാണ് നൽകാൻ കഴിഞ്ഞിട്ടുള്ളത്.

ഉദാ:

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | നൽകേണ്ടത് | കുറവ് |
|---|---|---|---|---|
| 1 | ദീപേഷ്. എസ് | 25165 | 28500 | 3335 |
| 2 | രാജമ്മ. ജി | 25165 | 28500 | 3335 |
| 3 | ആർദ്രസനൻ | 11500 | 28500 | 17000 |

| | | | | |
|---|---|---|---|---|
| 4 | ശ്യാംകുമാർ.കെ | 25165 | 28500 | 3335 |
| 5 | സാം സജി | 17165 | 28500 | 11335 |

എല്ലാ കുട്ടികൾക്കും അർഹമായ തുക മുഴുവനായും ലഭ്യമാക്കുന്ന രീതിയിൽ തുക വകയിരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)നടപ്പിലാക്കിയ പദ്ധതികൾ-52615/-രൂപ തടസ്സപ്പെടുത്തുന്നു

1.പ്രോജക്ട് നം. - 54/21

പ്രോജക്ടിന്റെ പേര് - പാലിയേറ്റിവ് പരിചരണ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)

ബ്ലോക്ക് വിഹിതം

ചെലവ്-220510/-

ചെലവ് വിവരം

ബിൽ നം.25/20-21/8.2.21. തുക.43800/-

ടി പ്രോജക്ട് പ്രകാരം മരുന്നു വാങ്ങുന്നതിനായി 03.08.2020 PRF 1697 പ്രോഫോർമ ഇൻവോയിസ് പ്രകാരം കെ.എം.സി.എൽ ന് 43800/- അക്കൌണ്ട് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്.12969/- രൂപയുടെ മരുന്ന് ലഭിച്ചതിന്റെ ഇൻവോയ്സ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ശേഷിക്കുന്ന 30831/- രൂപയുടെ മരുന്നുകൾ ലഭ്യമാകുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാൻ ആരാഞ്ഞു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/20-21 തീ.18.1.22) മറുപടി ലഭ്യമായില്ല. മരുന്നുകൾ ലഭ്യമാകുന്നതുവരെ 30831/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2.പ്രോജക്ട് നം. - 249/21

പ്രോജക്ടിന്റെ പേര് - ആരോഗ്യ ജാഗ്രത-കൊതുക് നിവാരണം ഫോഗിംഗ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)

തനത് ഫണ്ട്

ചെലവ്-21784/-

Rans Trading Company എന്ന സ്ഥാപനത്തിൽ നിന്ന് ഫോഗിംഗ് മെഷിൻ വാങ്ങിയ ബിൽ ഹാജരാക്കിയിട്ടുണ്ട്. ക്വട്ടേഷൻ സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( 7/18.1.22) മറുപടി ലഭ്യമായില്ല. വിശദാംശങ്ങൾ ഹാജരാക്കാക്കുന്നതു വരെ 21784/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-23 വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ -- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു

വിവിധ വാർഡുകളിലെ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ (പ്രോ.നം 148/21) എന്ന പദ്ധതിയ്ക്കായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ബിൽ നം. 03/18.5.2020 പ്രകാരം 17,94,911 രൂപ പിൻവലിച്ച് തൻവർഷം വൈദ്യുതി ബോർഡിൽ നിക്ഷേപിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ താഴെപറയുന്ന വാർഡുകളിലെ പ്രവൃത്തികൾക്കായാണ് ടി തുക നിക്ഷേപിച്ചിരിക്കുന്നത്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | വാർഡ് | നിക്ഷേപിച്ച തുക |
|---|---|---|---|
| 1 | പി.എച്ച്.സി - അടിവാരം റോഡ് | 1 | 42170 |
| 2 | സാഗർ - പ്രണവം റോഡ് | 4 | 20000 |
| 3 | കൈരളി ജ്യോതിഷാലയം റോഡ് | 5 | 63230 |
| 4 | കൊനപ്രക്കാട് - കോഴിക്കുളം റോഡ് | 6 | 63470 |
| 5 | പുത്തനമ്പലം - കൊടിവീട് റോഡ് | 6 | 63150 |
| 6 | എസ്.എൻ.ഡി.പി - ആനക്കുഴിയ്ക്കൽ റോഡ് | 1 | 63540 |
| 7 | മംഗളോദയം - നമ്പിപറമ്പ് റോഡ് | 7 | 105640 |
| 8 | പോളക്കാട് - കളത്തിൽ വീട് റോഡ് | 8 | 105860 |
| 9 | പുത്തൻപുരയ്ക്കൽ - കൊച്ചുവേളി റോഡ് | 9 | 42350 |

| | | | |
|---|---|---|---|
| 10 | റൗഡിമുക്ക് - കരോട്ടാവെളി റോഡ് | 12 | 105850 |
| 11 | യുവധാരാ - തോപ്പൽ ചിറ റോഡ് | 13 | 105710 |
| 12 | കട്ടായിൽ - നെടുങ്ങാടി റോഡ് | 14 | 105850 |
| 13 | കമാരപുരം - ചുള്ളിവേലി റോഡ് | 15 | 105910 |
| 14 | ഉലഹത്താടി - മഠത്തിവെളി റോഡ് | 16 | 84670 |
| 15 | പുഴാരത്ത് കോളനി റോഡ് | 16,17 | 42320 |
| 16 | എസ്.എൻ കോളേജ് - നാമം ചിറ റോഡ് | 17 | 84200 |
| 17 | ചിറയ്ക്കൽ - മായിത്തറ റോഡ് | 18 | 105790 |
| 18 | മാരാച്ചിറ – പുതുപ്പാടി റോഡ് | 2 | 42370 |
| | T0tal | | 1352080 |
| | GST @ 18% | | 243375 |
| | Grand Total | | 1595455 |
| 19 | മണിയൻതറ – മിൽ ജംഗ്ഷൻ റോഡ് | 2,3 | 42000 |
| 20 | മിൽ ജംഗ്ഷൻ - അകംപള്ളി കോളനി റോഡ് | 3 | 20700 |
| 21 | നീര പ്ലാന്റ് - എസ്.എൻ.ഡി.പി റോഡ് | 4 | 62910 |
| 22 | മണിയൻതറ – പി.ആർ ജംഗ്ഷൻ റോഡ് | 3,5 | 42000 |
| | Total | | 167610 |
| | GST @ 18 + KFC @ 1% | | 31846 |
| | Grand Total | | 199456 |

മേൽ പരാമർശിച്ചിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പൂർത്തീകരണ, വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം. 11/19.01.2022) നൽകിയതിന് പദ്ധതിയുടെ പൂർത്തീകരണ, വിനിയോഗ സാക്ഷ്യപത്രത്തിനായി വൈദ്യുതി ബോർഡിന് കത്ത് നൽകിയിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയത്. ടി പ്രോജക്ടിനായി ഗ്രാമപഞ്ചായത്തും വൈദ്യുതി ബോർഡും തമ്മിൽ 02/2020-21/15.05.2020 നമ്പരായി എഗ്രിമെന്റ് ചമച്ചിട്ടുണ്ടെങ്കിലും മേൽ പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കുമെന്ന് കരാറിൽ വ്യക്തമാക്കിയിട്ടില്ല. ഏറ്റെടുക്കുന്ന പദ്ധതികളുടെ പൂർത്തീകരണ കാലയളവാണ് കരാറിന്റെ അന്തസത്തയെന്ന പറയുന്നത്. പൂർത്തീകരണ കാലയളവ് രേഖപ്പെടുത്താതെയുള്ള കരാറിന് പ്രസക്തിയില്ല. മേൽ പ്രോജക്ടുകൾ പ്രകാരമുള്ള പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ തൻവർഷം ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച 17,94,911 (1595455 + 199456) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മുൻവർഷങ്ങളിലെ ഡെപ്പോസിറ്റ് പ്രവൃത്തികളിൽ പൂർത്തീകരിക്കാത്ത അവശേഷിക്കുന്ന പ്രവൃത്തികൾ എത്രയും വേഗം പൂർത്തിയാക്കുന്നതിന് കെ.എസ്.ഇ.ബിയ്ക്ക് നിർദ്ദേശം നൽകേണ്ടതാണ്.

## 1-24 ദേശീയ റർബൻ മിഷൻ പദ്ധതി -- പ്രോജക്ട് സമയബന്ധിതമായി നടപ്പാക്കപ്പെടുന്നില്ല

അടിസ്ഥാന സൗകര്യ വികസനത്തിൽ പിന്നോക്കം നിൽക്കുന്ന തദ്ദേശ സ്ഥാപനങ്ങളെ സാമ്പത്തികമായി ശാക്തീകരിച്ച് വികസന മുന്നേറ്റം ഉണ്ടാക്കുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ശ്യാമ പ്രസാദ് മുഖർജി ദേശീയ റർബൻ മിഷൻ പദ്ധതി. ആലപ്പുഴ ജില്ലയിൽ നിന്നും കഞ്ഞിക്കുഴി, മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തുകളെയാണ് പദ്ധതിയ്ക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. ഒരു തദ്ദേശ സ്ഥാപനത്തിൽ 15 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് റർബൻ മിഷൻ വിഭാവനം ചെയ്യുന്നത്. ഗ്രാമപഞ്ചായത്തിന്റെ സർവ്വോന്മുഖമായ വികസന പ്രവർത്തനങ്ങൾക്ക് ടി ഗ്രാന്റ് വിനിയോഗിക്കാമെന്ന് റർബൻ പ്രോജക്ടിനായി അംഗീകരിച്ചിട്ടുള്ള ഡി.പി.ആറിൽ വ്യക്തമാക്കിയിട്ടുണ്ട്.

റർബൻ ഗ്രാന്റ് വിനിയോഗിച്ച് 2019-20 വർഷം മുതലാണ് ഗ്രാമപഞ്ചായത്ത് പദ്ധതികൾ നടപ്പാക്കി തുടങ്ങിയത്. തൻവർഷം സെക്രട്ടറി, എൽ.എസ്.ജി.ഡി അസി.എഞ്ചിനീയർ എന്നിവർ മുഖേന നിർവ്വഹണം നടത്തുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾക്കാണ് റർബൻ ഗ്രാന്റ് വകയിരുത്തിയിരുന്നത്. എന്നാൽ ആസൂത്രണം ചെയ്ത പുതിയ പദ്ധതികളൊന്നും തന്നെ തൻവർഷം നടപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല. സ്പിൽ ഓവറായി നടപ്പാക്കിയ മരാമത്ത് വേലകൾക്ക് മാത്രമാണ് പ്രസ്തുത ഗ്രാന്റിൽ നിന്നും തൻവർഷം തുക ചെലവഴിക്കാനായത്. കേന്ദ്ര ഫണ്ട് വിനിയോഗിച്ചുകൊണ്ട് നടപ്പാക്കുന്നതിനായി ആസൂത്രണം ചെയ്ത താഴെപറയുന്ന പദ്ധതികൾ തൻവർഷവും നടപ്പാക്കുവാൻ കഴിഞ്ഞില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | പ്രോജക്ട് നം. | അടങ്കൽ തുക |
|---|---|---|---|
| 1 | റർബൻ മിഷൻ പദ്ധതി - പകൽ വീടിന് അധിക സൗകര്യം ഒരുക്കൽ | 103/21 | 6,38,000 |
| 2 | റർബൻ മിഷൻ പദ്ധതി - കുട്ടികളുടെ പാർക്ക് നിർമ്മാണം. | 227/21 (സ്പിൽ ഓവർ) | 1,00,00,000 |
| 3 | റർബൻ മിഷൻ പദ്ധതി - എൽ.ഇ.ഡി തെരുവ് വിളക്ക് സ്ഥാപിക്കൽ. | 229/21 (സ്പിൽ ഓവർ) | 2,09,681 |
| 4 | റർബൻ മിഷൻ പദ്ധതി - ചെറുവാരണം, അയ്യപ്പഞ്ചേരി എൽ.പി സ്കൂളുകളിൽ സ്മാർട് ക്ലാസ്സ് റൂം | 230/21 (സ്പിൽ ഓവർ) | 35,00,000 |
| 5 | റർബൻ മിഷൻ പദ്ധതി - ആർ.ഒ പ്ലാന്റ് നിർമ്മാണത്തിന് തുക നൽകൽ. | 231/21 (സ്പിൽ ഓവർ) | 10,20,000 |

2019-20 വർഷം ഡി.പി.സി അംഗീകാരം ലഭിച്ച മേൽ പ്രോജക്ടുകളിൽ ക്രമ നമ്പർ 3,4 എന്നിവ പ്രകാരമുള്ള പദ്ധതികൾ നടന്നുകൊണ്ടിരിക്കുകയാണെന്നും പകൽ വീടിന് അധിക സൗകര്യം ഒരുക്കൽ എന്ന പദ്ധതി ഒഴിവാക്കി പകരം പുതിയ പദ്ധതി ഏറ്റെടുത്തിട്ടുണ്ടെന്നും കുട്ടികളുടെ പാർക്ക് നിർമ്മാണത്തിന് സ്ഥലം അളന്ന് ലഭിക്കുന്നതിന് റവന്യൂ വകുപ്പിന് കത്ത് നൽകിയിട്ടുണ്ടെന്നുമാണ് ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 13/18.01.2022) മറുപടി നൽകിയത്. ദേശീയ റർബൻ പദ്ധതിയ്ക്കായി അനുവദിച്ചിട്ടുള്ള ഗ്രാന്റ് ലാപ്സാകാതെ സമയബന്ധിതമായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കതിരുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ദേശീയ റർബൻ ഗ്രാന്റിന്റെ വരവ് ചെലവുകൾക്കായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ മുഹമ്മ ശാഖയിലാണ് അക്കൗണ്ട് ആരംഭിച്ചിരുന്നത്. ടി അക്കൗണ്ട് മുഖേന 09/2020 വരെ നടത്തിയിരുന്ന വരവ് ചെലവുകൾ മാത്രമാണ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ദേശീയ റർബൻ മിഷൻ പദ്ധതി പ്രവർത്തനങ്ങൾക്ക് PFMS മുഖേന മാത്രം തുക ചെലവഴിച്ചാൽ മതിയെന്ന ഗ്രാമവികസന കമ്മീഷണറുടെ നിർദ്ദേശത്തെ തുടർന്ന് ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ 24.09.2020ലെ E-2571/2015 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ അക്കൗണ്ടിൽ ശേഷിച്ചിരുന്ന തുക പ്രോജക്ട് ഡയറക്ടറുടെ പേരിലുള്ള എസ്.ബി.ഐ അക്കൗണ്ടിലേയ്ക്ക് 25.09.2020-ൽ ട്രാൻസ്ഫർ ചെയ്യുകയുണ്ടായി. തുടർന്നുള്ള പദ്ധതിച്ചെലവുകൾക്ക് ബിൽ തയ്യാറാക്കി നൽകുന്ന മുറയ്ക്ക് പ്രോജക്ട് ഡയറക്ടറുടെ അക്കൗണ്ടിൽ നിന്നും PFMS മുഖേന നിർവ്വഹണ ഏജൻസിയ്ക്ക് നേരിട്ടാണ് തുക നൽകുന്നത്. 25.09.2020-ന് ശേഷമുള്ള ചെലവ് വെബ് സാംഖ്യയിൽ കൃത്യമായ രേഖപ്പെടുത്താതിരുന്നതിനാൽ ദേശീയ റർബൻ ഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ മുഴുവൻ ചെലവ് വിവരം സുലേഖയിലും വാർഷിക കണക്കിലും ഉൾപ്പെട്ടിട്ടില്ല റർബൻ ഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികളുടെ കൃത്യമായ ചെലവ് വിവരം വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-25 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി -- നിർമ്മാണം പൂർത്തിയാക്കയില്ല

ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 17 ഗുണഭോക്താക്കൾക്ക് പഠമർനമുറി നിർമ്മിക്കുന്നതിന് സബ്സിഡി ൽകുന്നതിനായി 2019-20 വർഷം ആരംഭിച്ച മേൽ പദ്ധതി സ്പിൽ ഓവറായി (പ്രോ.നം 209/21) തൻവർഷം നടപ്പാക്കിലാക്കിയിട്ടുണ്ട്. ഇതിനായി വികസന ഫണ്ടിൽ (എസ്.സി.പി) നിന്നും 6,54,410/- രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച 64,132/- രൂപയും ഉൾപ്പെടെ 7,18,542/- രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ഒരു ഗുണഭോക്താവിന് പരമാവധി 1,50,000/- രൂപയാണ് പഠനമുറിയ്ക്കായി നൽകുന്നത്. പഠനമുറി നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും അസി.എഞ്ചിനീയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഘട്ടം ഘട്ടമായാണ് തുക അനുവദിക്കുന്നത്. പല ഗുണഭോക്താക്കളും നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ ടി പ്രോജക്ട് ഇപ്പോഴും സ്പിൽ ഓവർ അനുമതി വാങ്ങി തുടരുകയാണ്. ഓഡിറ്റ് വേളയിലും നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ പേരുവിവരവും അവർ നാളിതുവരെ കൈപ്പറ്റിയ സബ്സിഡി തുകയും താഴെകൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | സുമേഷ് വടക്കേടത്ത്, വാർഡ് -18 | 64,000 |
| 2 | പ്രേംജിത്ത്, ചെല്ലാട്ട് വീട്, വാർഡ് -6 | 75,000 |

| | | |
|---|---|---|
| 3 | രത്നമ്മ മഠത്തിവെളി, വാർഡ് -12 | 50,000 |
| 4 | അനിൽ കുമാർ, കോമച്ചംവെളി വാർഡ് -16 | 75,000 |
| 5 | അജിത.B, ആതിരാലയം, വാർഡ് -5 | 84,565 |

ഗുണഭോക്താക്കൾ പഠന മുറി നിർമ്മാണം പൂർത്തിയാക്കുവാൻ തയ്യാറാകാത്ത പക്ഷം അനുവദിച്ച സബ്സിഡി തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 വികസന പത്രിക പ്രസിദ്ധീകരിക്കൽ -- വിതരണ രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു

കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിൽ 2015-20 കാലയളവിലെ ഭരണ സമിതിയുടെ നേതൃത്വത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ ഒരു റിപ്പോർട്ട് തയ്യാറാക്കി പുസ്തക രൂപത്തിൽ പ്രിന്റ് ചെയ്ത് എല്ലാ വീടുകളിലും എത്തിക്കുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടാണിത്. ഇതിനായി ക്ഷണിച്ച ക്വട്ടേഷനിൽ ഏറ്റവും കുറഞ്ഞ തുക (ബുക്ക് ഒന്നിന് 24 രൂപ) ക്വോട്ട് ചെയ്ത പുത്തനമ്പലം ഓഫ് സെറ്റ് പ്രസ്സിന്റെ ക്വട്ടേഷൻ 8.9.2020ലെ പഞ്ചായത്ത് ഭരണ സമിതി അംഗീകരിക്കുകയുണ്ടായി. തുടർന്ന് ടി സ്ഥാപനം വികസന പത്രികയുടെ 7500 കോപ്പി പ്രിന്റ് ചെയ്തതിന് പ്രോജക്ട് അടങ്കലിൽ നിജപ്പെടുത്തി തനത് ഫണ്ടിൽ നിന്നും 1,00,000/- രൂപ (ചെക്ക് നം. 9921386/ 13.11.2020) തൻവർഷം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

വിതരണ രേഖകൾ ഹാജരാക്കിയില്ല.

വികസന പത്രികയുടെ 7500 കോപ്പികളും വിതരണത്തിനായി സി.ഡി.എസ് ചെയർപേഴ്സൺ കൈപ്പറ്റിയതായിട്ടാണ് സ്റ്റോക്ക് രജിസ്റ്റർ പേജ് 25-ൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇവ കുടുംബശ്രീ മുഖേന വീടുകളിൽ വിതരണം നടത്തിയിട്ടുണ്ടെന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-17/19.01.2022) സെക്രട്ടറി മറുപടി നൽകിയെങ്കിലും വിതരണ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിതരണ രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

മറ്റ് അപാകതകൾ.

വികസന പത്രിക ബുക്ക് ഒന്നിന് 24 രൂപ പ്രകാരം 7500 കോപ്പി പ്രിന്റ് ചെയ്തതിന് സ്ഥാപനത്തിന് 1,80,000/- രൂപയാണ് നൽകേണ്ടതെങ്കിലും സ്ഥാപനം 1,98,000/- രൂപയുടെ ബില്ലാണ് നൽകിയത് (ബിൽ നം. 1318/5.11.2020). എന്നാൽ തൻവർഷത്തെ പ്രോജക്ട് അടങ്കൽ 1,00,000/- രൂപ ആയതിനാൽ ടി തുക മാത്രമാണ് സ്ഥാപനത്തിന് നൽകിയത്. ശേഷിച്ച 80,000 രൂപ തനത് ഫണ്ടിൽ നിന്നും പിന്നീട് അനുവദിച്ചിട്ടുണ്ടോയെന്ന ഓഡിറ്റ് എൻക്വയറിയ്ക്ക് തുക നൽകിയിട്ടില്ലായെന്ന് മറുപടി നൽകിയത്. ശേഷിക്കുന്ന തുക ലഭിക്കുന്നതിനായി പിന്നീട് സ്ഥാപനം കത്ത് നൽകുകയോ പഞ്ചായത്ത് തുക അനുവദിക്കുകയോ ചെയ്തിട്ടില്ല. വികസന പത്രികയിൽ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതിചെയ്യുന്ന ചില സ്വകാര്യ സ്ഥാപനങ്ങളുടെ പരസ്യം ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ പരസ്യം നൽകുന്നതിന് ഭരണ സമിതി അനുമതി നൽകിയിരുന്നില്ലായെന്നും പരസ്യം നൽകിയ സ്ഥാപനങ്ങളിൽ നിന്നും ഗ്രാമപഞ്ചായത്ത് തുക ഈടാക്കിയിട്ടില്ലായെന്നും സെക്രട്ടറി രേഖാമൂലം മറുപടി നൽകി. ഗ്രാമപഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് തയ്യാറാക്കിയ വികസന പത്രികയിൽ സ്വകാര്യ സ്ഥാപനങ്ങളുടെ പരസ്യം ഉൾപ്പെടുത്തിയത് ക്രമവിരുദ്ധമായ നടപടിയാണ്. തദ്ദേശ സ്ഥാപനത്തിന്റെ അനുമതിയില്ലാതെയാണ് പുത്തനമ്പലം ഓഫ് സെറ്റ് പ്രസ്സ് ഉടമ ഇത്തരത്തിൽ പരസ്യം ഉൾപ്പെടുത്തിയതെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ആയതിനാൽ ടി സ്ഥാപനത്തെ തുടർന്നുള്ള പ്രിന്റിംഗ് ജോലികളിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

## 1-27 ബാരൽ വില നിശ്ചിത ശീർഷകത്തിലേക്ക് തിരിച്ചടച്ചില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.10.17-ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിച്ച ടാർവീപ്പയുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേയ്ക്ക് ധനകാര്യ വകുപ്പിന്റെ 12.4.06-ലെ ജി.ഒ. (പി)177/06/

നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് സർക്കാരിലേയ്ക്ക് തിരിച്ചടവാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ കളത്തിവീട് വനസ്വർഗ്ഗം റോഡ് മെയിന്റനൻസ് രണ്ടാം ഘട്ടം പ്രവൃത്തിയിൽ ബാരൽവില 25571/-രൂപ ഉൾപ്പെടെയുള്ള തുക ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും ആയത് നിശ്ചിത ശീർഷകത്തിൽ സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കാതെ തനത് ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. മേൽ വിഷയം സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറി നം. 21/19.01.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തനത് ഫണ്ടിലേയ്ക്ക് ബാരൽ വിലയിനത്തിൽ ക്രെഡിറ്റ് ചെയ്യപ്പെട്ട വിവിധ സർക്കാർ ഫണ്ടുകൾ അതാത് ഫണ്ടിനുള്ള നിശ്ചിത ശീർഷകത്തിൽ സർക്കാരിലേയ്ക്ക് തിരികെ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-28 എം ജി എൻ ആർ ഇ ജി എസ് അപാകതകൾ

2020-21 സാമ്പത്തിക വർഷത്തെ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.) GSTഒടുക്കിയില്ല.

തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ സപ്ലൈ ചെയ്ത കരാറുകാർക്ക് തുക അനുവദിക്കുമ്പോൾ നിയമാനുസൃതം ഈടാക്കേണ്ട GST സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. CGST Act 2017ലെ വകുപ്പ് 51 (1), SGST Act 2017ലെ വകുപ്പ് 51(1)എന്നിവ അനുസരിച്ച് 2.50 ലക്ഷത്തിൽ അധികരിക്കുന്ന കരാറുകാരുടെ ബില്ലുകളിൽ സ്രോതസ്സിൽ നിന്നും 2% തുക GST ഇനത്തിലും കുറവു ചെയ്യേണ്ടതുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന പ്രവൃത്തിയിൽ നിന്നും ജി എസ് ടി കുറവ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | സാധന വിലയിനത്തിൽ അനുവദിച്ച തുക | കരാറുകാരൻ | ഈടാക്കേണ്ട GST (2%) | ഫണ്ട് കൈമാറ്റം ചെയ്ത തീയതി |
|---|---|---|---|---|---|
| 1 | കഞ്ഞിക്കുഴി പാലം പഴയത്തോപ്പ് ബണ്ട് റോഡ് കോൺക്രീറ്റിംഗ് വാർഡ് -14 | 397526 | ഗോപിനാഥൻ പി ജി | 7951 | 6/03/20 |

2. മെറ്റീരിയൽസ് സ്റ്റാക്ക് ചെയ്ത അളവിൽ കുറവ് വരുത്താതെ കരാറുകാരന് തുക നൽകി

CPWD സ്പെസിഫിക്കേഷൻ പ്രകാരം നടത്തുന്ന പ്രവൃത്തികളിൽ ഉപയോഗിക്കുന്ന പാറയുടെ സ്റ്റാക്ക് ചെയ്ത അളവിൽ നിന്നും 15% വോയ്ഡ്സ് ഇനത്തിൽ കുറവു ചെയ്ത് ശേഷിച്ച അളവിന് മാത്രമാണ് കരാറുകാരന് തുക അനുവദിക്കേണ്ടത് (Specification : 1-27-2-5). അതുപോലെ കരാറുകാർ സപ്ലൈ ചെയ്യുന്ന ഗ്രാവലിന്റെ ലൂസ് സ്റ്റാക്ക് അളവിൽ നിന്നും 20% ഉം (Specification:1-27-1-1), 40 Mm മെറ്റൽ, ക്വാറിമക്ക് എന്നിവയ്ക്ക് മിനിമം 7.5% ഉം (Specification : 1- 27-2-3) കുറവു ചെയ്തതിനുശേഷമാണ് തുക അനുവദിക്കേണ്ടത്. എന്നാൽ തൻവർഷം നടപ്പാക്കിയ പ്രവൃത്തികൾക്ക് കരാറുകാരൻ ലഭ്യമാക്കിയതായി ഇൻവോയിസിൽ പറഞ്ഞിട്ടുള്ള അളവിൽ നിന്നും കുറവുകളൊന്നും വരുത്താതെ മൂല്യം നിർണ്ണയിച്ച് തുക അനുവദിച്ചിട്ടുണ്ട്.

| പ്രവൃത്തിയുടെ പേര്/ കരാറുകാരന്റെ പേര്. | ഇനം | ഇൻവോയ്സ് പ്രകാരം കരാറുകാരൻ ലഭ്യമാക്കിയ ഇൻവോയ്സ് പ്രകാരം മെറ്റീരിയലിന്റെ അളവ് | അനുവദിച്ച തുക | വോയ്ഡ്സ് കുറവുചെയ്ത ശേഷമുള്ള അളവ് $M^3$ | അനുവദനീയമായ തുക | അധികം നൽകിയത് |
|---|---|---|---|---|---|---|
| കഞ്ഞിക്കുഴി പാലം പഴയതോപ്പ് ബണ്ട് റോഡ് | 40 Mm | 25.05 | @2250 /- 56362 /- | 23.15 | 52087/- | 1275 |
| | 20 Mm Metal | 21.39 | @2250 48127 /- | 19.25 | 43312/- | 4815 /- |

| | | | | | | |
|---|---|---|---|---|---|---|
| കട്ടിംഗ് | Goodearth | 93.14 | @1000 93140 /- | 74.51 | 74510 | 18630 /- |
| മാളൂട്ടത്തിൽ വെമ്പള്ളി റോഡ് കോൺക്രീറ്റിംഗ് | 40 Mm | 25.06 | @2300 57638 /- | 23.185 | 53325 /- | 4312/- |
| | 20 Mm Metal | 22.39 | @2300 51497/- | 20.15 | 46345 /- | 5152 /- |
| | Goodearth | 96.93 | @1000 96930/- | 77.55 | 77550 /- | 19380/- |

മേൽ അപാകത ചൂണ്ടിക്കാട്ടി നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ എം.ബുക്കിൽ സ്റ്റാക്ക് അളവ് കൃത്യമായി തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്നും സി പി ഡബ്ല്യു മാനദണ്ഡപ്രകാരമുള്ള ഡിഡക്ഷനും എം. ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും കുറവ് വരുത്തിയ അളവ് പ്രകാരം മാത്രമാണ് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത് എന്നുമാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ കരാറുകാരന്റെ ഇൻവോയ്സിലെ അതേ അളവ് തന്നെയാണ് സ്റ്റാക്ക് മെഷർമെന്റായി രേഖപ്പെടുത്തിയിട്ടുള്ളത്. അതിനാൽ മറുപടി അംഗീകരിക്കാനാവില്ല. ഓഡിറ്റിൽ ഹാജരാക്കിയ ഫയലുകളിൽ എല്ലാ പ്രവൃത്തികളിലെയും മെറ്റീരിയൽ ബില്ലുകൾ സൂക്ഷിച്ചിട്ടില്ല. ആകയാൽ തുടർന്നുവരുന്ന പ്രവർത്തികളിൽ മുഴുവൻ സ്റ്റാക്കിനുമുള്ള ബില്ല് തന്നെ സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ മേൽപ്രകാരമുള്ള അപാകതകൾ തുടർവർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3. എല്ലാ മെറ്റീരിയൽ പ്രവൃത്തികളുടെ ഫയലുകളിലും വാങ്ങിയ സാധനങ്ങളുടെ (സിമന്റ്, മെറ്റൽ, സാന്റ്, സ്റ്റീൽ, ഗ്രാവൽ, ക്വാറി മക്ക് മുതലായവ) ബില്ലുകൾ സൂക്ഷിക്കുന്നില്ല,

*4.* സ്കിൽഡ്/സെമി സ്കിൽഡ് തൊഴിലാളികളുടെ മസ്റ്റർ റോൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. മസ്റ്റർ റോളുകളിൽ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്നില്ല. തൊഴിലാളികളുടെ പേരുകൾ ചേർക്കാത്ത മസ്റ്റർ റോളുകൾ സൂക്ഷിച്ചിട്ടുണ്ട്. മിക്ക മസ്റ്റർ റോളുകളിലും തൊഴിലാളികൾ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. Details Of Materials Received, Evaluation Of Work & Utilization Certificate എന്ന ഭാഗത്ത് വിവരങ്ങൾ ചേർത്ത് മേറ്റും ഉദ്യോഗസ്ഥരും സാക്ഷ്യപ്പെടുത്തുന്നില്ല. (ഉദ. പനമ്പടച്ചിറ കളത്തിവെളി റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി) ഇത് സംബന്ധമായി നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മസ്റ്റർ റോളിൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിന്റെ ഭാഗത്ത് സൂചിപ്പിച്ചിട്ടുള്ള ഉദ്യോഗപ്പേരുകളെ സംബന്ധിച്ച് വ്യക്തതയില്ലാത്തതിനാലാണ് മുൻ കാലങ്ങളിൽ ചില പ്രവർത്തിയിൽ സാക്ഷ്യപ്പെടുത്തലുകൾ ഇല്ലാതിരുന്നത് എന്നാണ് അറിയിച്ചത്. സ്കിൽഡ്/സെമി സ്കിൽഡ് തൊഴിലാളികളുടെ മസ്റ്റർ റോൾ കൃത്യമായി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

*5.* സൈറ്റ് ഡയറിയിൽ പ്രവൃത്തിക്കുവേണ്ടി ഉപയോഗിച്ച സാധനസാമഗ്രികളുടെ വിവരം, കൈപ്പറ്റിയ മേറ്റിന്റെ പേര്, ഒപ്പ്, സ്ഥലം, തീയതി, പദ്ധതി ചെലവ്, തൊഴിലാളികളുടെ സാക്ഷ്യപത്രം ഇവയൊന്നും രേഖപ്പെടുത്തിയിട്ടില്ല. ( ഉദാ: ചക്കാലി തോട്ടുച്ചിറ ഗ്രാവൽ റോഡ് നിർമ്മാണം)

*6.* ചില മെറ്റീരിയൽ പ്രവൃത്തികളുടെ അളവു പുസ്തകങ്ങളിൽ സെക്രട്ടറിയുടെ പെയ്മെന്റ് സാക്ഷ്യപ്പെടുത്തൽ ഇല്ലാതെയാണ് തുക പാസാക്കിയിട്ടുള്ളത്.(തമ്പാൻ വെളി & തോമ്മശ്ശേരി റോഡ് കോൺക്രീറ്റിംഗ് വാർഡ് 7)

7. ചില മെറ്ററിയൽ വർക്കുകളിൽ ഡിസ്പ്ലേ ബോർഡിനായി തുക നൽകുന്നുണ്ടെങ്കിലും ഇത് സ്ഥാപിച്ചതായുള്ള ഫോട്ടോയോ, ബോർഡ് വാങ്ങിയതിന്റെ ബില്ലോ ലഭ്യമാക്കിയിട്ടില്ല (മഠത്തിവെളി പുത്തൻപറമ്പ് നടപ്പാത നിർമ്മാണം). അപാകതകൾ പരിഹരിച്ച് പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

2020-2021 സാമ്പത്തികവർഷം കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വാർഡ് തലത്തിൽ വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വാർഡ് തല കമ്മിറ്റികൾ രൂപീകരിക്കുകയും, കമ്മിറ്റികളുടെ പ്രവർത്തനങ്ങളിൽ സന്നദ്ധപ്രവർത്തകരെ പങ്കെടുപ്പിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കുടുംബങ്ങൾക്കും മാസ്ക്, സാനിട്ടൈസർ (രണ്ട് തവണ), ഹോമിയോ – ആയുർവ്വേദ പ്രതിരോധമരുന്നുകൾ (മൂന്നു തവണ) എന്നിവ നൽകി കോവിഡ് – 19 ന്റെ ആരംഭഘട്ടത്തിൽ തന്നെ ശക്തമായ പ്രതിരോധം തീർക്കുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. തികച്ചും ഗ്രാമപ്രദേശമായതുകൊണ്ട് ഒരേ സമയം 500 ലധികം രോഗികൾ ഉണ്ടായിരുന്നു. കർശന നിയന്ത്രണത്തിലൂടെ ഇത് കുറച്ച് കൊണ്ട് വരുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് സെക്രട്ടറി, ആരോഗ്യവകുപ്പ് എന്നിവരടങ്ങുന്ന നിരീക്ഷണസമിതി എല്ലാ ദിവസവും യോഗം ചേർന്ന് വാർഡ് തല ജാഗ്രതാസമിതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തിരുന്നു. എല്ലാ മാസങ്ങളിലും കൃത്യമായി

ആരോഗ്യ-ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മീറ്റിംഗുകൾ കൂടിയിട്ടുണ്ട്. കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ കോർ കമ്മറ്റി കൂടി വിലയിരുത്തുന്നുണ്ട്. വാർഡ് തല ജാഗ്രതാസമിതികൾ, ക്ലസ്റ്ററുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി എല്ലാ വാർഡുകളിലും സ്കൂൾ ടീച്ചേഴ്സ്, അംഗൻവാടി വർക്കേഴ്സ്, ആശാവർക്കേഴ്സ്, മറ്റ് വകുപ്പുകളിൽ നിന്നും നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥർ എന്നിവരെ നിയോഗിച്ചിട്ടുണ്ട്. ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ കീഴിൽ കോണ്ടാക്ട് ട്രേസിംഗ്, കോവിഡ് കാൾ സെന്റർ തുടങ്ങിയവ സുഗമമായി നടന്നുവരുന്നു. സ്റ്റേഷൻ ഹൗസ് ഓഫീസർ, സെക്ടൽ മജിസ്ട്രേറ്റ് എന്നിവർക്ക് ആവശ്യമായ സഹായം നൽകുകയും പഞ്ചായത്തിൽ നടന്നു വരുന്ന പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തൽ മീറ്റിംഗുകൾ എന്നിവയിൽ പങ്കെടുപ്പിക്കുകയും ചെയ്യുന്നുണ്ട്. ബോധവൽക്കരണത്തിനായി കൃത്യമായ ഇടവേളകളിൽ അനൗൺസ്മെൻറ് നടത്തിയിട്ടുണ്ട്. കൂടാതെ ഹെൽത്ത് ഇൻസ്പെക്ടർ, അസിസ്റ്റന്റ് സെക്രട്ടറി എന്നവരുടെ നേതൃത്വത്തിൽ സ്പെഷ്യൽ ടീം രൂപീകരിച്ച് വിവാഹം പോലെയുള്ള ചടങ്ങുകൾ നടക്കുന്ന സ്ഥലങ്ങൾ സന്ദർശിച്ച് കോവിഡ് പ്രോട്ടോക്കോൾ പാലിക്കുന്നുണ്ടെന്ന് കർശനപരിശോധന നടത്തി ഉറപ്പ് വരുത്തുകയും നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. കോവിഡ് രണ്ടാം തരംഗ വേളയിലും സാനിറ്റൈസർ, മാസ്ക്, ഹോമിയോ- ആയുർവ്വേദ പ്രതിരോധ മരുന്ന് എന്നിവ വിതരണം ചെയ്യുകയും സന്നദ്ധ പ്രവർത്തകർക്ക് പി.പി.ഇ.കിറ്റ്, ഫെയ്സ് ഷീൽഡ് എന്നിവ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ പി.പി. സ്വാതന്ത്ര്യം കമ്മ്യൂണിറ്റിഹാളിൽ 26/03/2020 മുതൽ 30/05/2020 വരെ സാമൂഹ്യ അടുക്കള പ്രവർത്തിച്ചിരുന്നു. പ്രസ്തുത കാലയളവിൽ നിർദ്ധനരും രോഗബാധിതരുമായ വ്യക്തികൾ, അഗതികൾ മുതലായവർക്ക് ഭക്ഷണം വീടുകളിൽ എത്തിച്ചുനൽകിയിരുന്നു. ഇതിന് വേണ്ടി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് 227483/-ചെലവഴിച്ചിട്ടുണ്ട്. ഈ കാലയളവിൽ സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ളവരുടെ സേവനം സന്നദ്ധ പ്രവർത്തനമായും, സാമൂഹ്യഅടുക്കളയിലേക്ക് വിവിധതരം പച്ചക്കറികൾ, പലവ്യഞ്ജനങ്ങൾ, എന്നിവ സംഭാവനയായും ലഭിച്ചിരുന്നു.

2020-21 സാമ്പത്തികവർഷത്തിൽ പഞ്ചായത്ത് കോവിഡ് രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കായി പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്. (പ്രോജക്ട്നം.147/21) നിന്ന് മെയിന്റനൻസ് റോഡിതരഫണ്ടിൽ 940000/- രൂപയും വികസനഫണ്ട് (ജനറൽ)നിന്ന് 1759683/- രൂപയും ആകെ 2699683/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഡൊമിസിലിയറി കെയർ സെന്റർ-ന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടി മാനേജ്മെന്റ് കമ്മറ്റി രൂപീകരിക്കുകയും ചെയർമാൻ പ്രസിഡന്റും കൺവീനർ മെഡിക്കൽ ഓഫീസറും, സെക്രട്ടറി, ആരോഗ്യക്ഷേമ സ്റ്റാൻറിംഗ് കമ്മറ്റി ചെയർപേഴ്സൺ എന്നിവർ മെമ്പർമാരാണ്.

2020-21 സാമ്പത്തികവർഷങ്ങളിൽ പഞ്ചായത്ത് പ്രദേശത്ത് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ സർക്കാർ നിർദ്ദേശപ്രകാരം സജ്ജമാക്കിയിരുന്നെങ്കിലും (FLTC) കൾ പ്രവർത്തിച്ചിരുന്നില്ല. 2020-21 വർഷത്തിൽ ശ്രീ ശ്രീ രവിശങ്കർവിദ്യാമന്ദിർ സ്കൂളിൽ ഡൊമീസിലിയറി കെയർ സെന്റർ പ്രവർത്തിച്ചിട്ടുണ്ട്. കോവിഡ് വ്യാപനം രൂക്ഷമായ 2020-2021 സാമ്പത്തികവർഷമാണ് കോവിഡ് നിർവ്യാപന പ്രവർത്തനങ്ങളിൽ പഞ്ചായത്ത് കൂടുതൽ കാര്യക്ഷമമായ പ്രവർത്തനം നടത്തിയത്. കോവിഡ് രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ അടിയന്തിരമായും, ഒഴിവാക്കാനാവത്തതുമായ പ്രവർത്തനങ്ങൾക്ക് ഫണ്ട് ചെലവഴിക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വിവേചനാധികാരം ഉണ്ടെങ്കിലും, ചെലവുകൾ പരിധിവിട്ട് പോകാതിരിക്കാനുള്ള ജാഗ്രത പഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 291575 | Scholarship | 291575 | 0 |
| "(From GP) | 2019/20 | 317546 | 209/21 Study Room | 64132 | 253464 |
| " | 2019/20 | 450000 | 46/21 Paddy Development | 450000 | 0 |
| " | 2019/20 | 102000 | 48/21 Vegetable Cultivation | 102000 | 0 |
| " | 2019/20 | 300000 | 150/21 Vegetable Cultivation | 300000 | 0 |
| | 2019/20 | 220510 | 54/21 Palliative Care | 220510 | 0 |
| ജില്ലാപഞ്ചായത്ത് | 2020-21 | 291575 | Scholarship | 291575 | 0 |
| " | 2020-21 | 600000 | 37/21 Life | 600000 | 0 |
| | 2020-21 | 400000 | 151/Milk Incentive | 400000 | 0 |
| 0" | 2020-21 | 500000 | 262/21 Milk Incentive | 500000 | 0 |
| " | 2020-21 | 200000 | 46/21 Paddy Development | 200000 | 0 |
| | 2020-21 | 100000 | Supplementary Nutrition Programme | 100000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവ്യത്തിയുടെ പേര് | ബിൽ നമ്പർ/വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | 148/21 Street Light Extention | 22000748/12/5/2020 | 1,794,911.00 | 0 | 1,794,911.00 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 3,40,000.00 രൂപ വരവും 3,40,000.00 രൂപ ചെലവഴിച്ചിട്ടുമുണ്ട്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| Life Mission | | 69420000 | 64,285,882.00 | 4915215 | | 59,710,667.00 | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,553,317.00 |
| തൻവർഷം നിക്ഷേപിച്ച തുക | 2194971 |
| ആകെ | 3748288 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3,748,288.00 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | സർട്ടിഫിക്കറ്റ് നമ്പർ |
|---|---|---|---|---|---|
| 1 | The Kanjikuzhy Service Co.Op.Bank Ltd | 19/11/20 | 1 Year | 1747918 | 0021708 |
| 2 | The Kanjikuzhy Service Co.Op.Bank Ltd | 30/03/2021 | 1 Year | 20,00,370/- | 0021920 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡിക

സ്ഥാപനത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2(1)ഖരമാലിന്യ | 2016-17 | 2-2 | തൊഴിൽ നികുതി | ഈടാക്കി വിവരം അറിയിച്ചിട്ടുള്ളതാണ്. |

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആൾ | സർചാർജ് സർട്ടിഫിക്കറ്റ് വിവരം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|
| 1 | 2006-07 | 3-18<br>3-20 | 50600 | ഡോ.ജിജിഭായി, വെറ്ററിനറി സർജൻ | എൽ.എഫ്. 24907/spl.cell /C.Sc/B3/12/6.6.14 | ലഭിച്ചിട്ടില്ല |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 76989586 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 91849411 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 24,17,270 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 4,69,744 | ശ്രീമതി.ശാലിമോൾ എസ്.ഐ.സി.ഡി.എസ് |
| 1-22(1)<br>1-22(2) | 30,831<br>21,784 | ഡോ.സജില എസ് പിള്ള<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| 1-23 | 17,94,911 | ശ്രീ.എസ്.അനിൽകുമാർ, സെക്രട്ടറി |
| 1-26 | 1,00,000 | ശ്രീമതി.കെ.ജി.ശ്രീദേവി, സെക്രട്ടറി |
| ആകെ | 24,17,270 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 1-28- 7951 GST

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | മേൽവിലാസം |
|---|---|---|
| ശ്രീ.എസ്.അനിൽകുമാർ,സെക്രട്ടറി | റിട്ടയേർഡ് | മയൂരം,സി.എം.സി.10, ചേർത്തല |
| ശ്രീമതി.കെ.ജി.ശ്രീദേവി,സെക്രട്ടറി | സെക്രട്ടറി,ചേന്നംപ്പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് | രാഘവീയം,നടുവത്ത് നഗർ പി.ഒ.,ചേർത്തല |
| ശ്രീമതി. ശാലിമോൾ.എസ്. ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ, തുറവൂർ ഗ്രാമപഞ്ചായത്ത് | ഉലകംതറ, മണ്ണഞ്ചേരി.പി.ഒ. ചേർത്തല |
| ഡോ.സജില. എസ്. പിള്ള മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി.ഉരുത്തിപ്പള്ളി, കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് | ശിവം,ചാരമംഗലം,മുഹമ്മ പി.ഒ,ചേർത്തല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2005-06 വരെ | എൽ.എഫ്.ജി.എ5-1832/2011/12.2.12 |
| 2006-07 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ5-1577/2013/12.5.14 |
| 2010-11, 2011-12 | എൽ.എഫ്.എ.പി3-48/2013/7.2.13/10.4.13 |
| 2012-13 | എൽ.എഫ്.എ.പി11-79/2015/26.3.15/5.5.15 |
| 2013-14 | എൽ.എഫ്.എ.പി.ഇസെഡ്.പി11-678/2015/ |
| 2014-15 | കെ.എസ്.എ.എൽ.പി-പി11/550/2016/31.5.16 |
| 2015-16 | കെ.എസ്.എ.എൽ.പി-പി11/564/2016/6.1.17 |
| 2016-17 | കെ.എസ്.എ.എൽ.പി-പി11/1048/2017/ |
| 2017-18 | കെ.എസ്.എ.എൽ.പി-പി11/1552/2018/5.1.19 |
| 2018-19 | കെ.എസ്.എ.എൽ.പി-പി11/1114/2019/13.3.2020 |
| 2019-20 | കെ.എസ്.എ.എൽ.പി-പി11/528/2021/30.06.2021 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്